"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് — മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ ചെയർപേഴ്സന് ഔദ്യോഗിക ആവശ്യങ്ങൾക്കായി -സ്വന്തം വാഹനം (Innova Hycross) ഔദ്യോഗിക സ്ഥാനപ്പേര് വച്ച് ഉപയോഗിച്ച നടപടി സാധൂകരിച്ചുകൊണ്ടും തുടർന്ന് സ്ഥാനപ്പേര് വയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ടും -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1434/2026/LSGD തീയതി,തിരുവനന്തപുരം, 04-08-2026

---

പരാമർശം:-

1. തിരൂർ നഗരസഭ കൗൺസിലിന്റെ 03/01/2026 തീയതിയിലെ 11-ാം നമ്പർ തീരുമാനം
2. തിരൂർ നഗരസഭ സെക്രട്ടറിയുടെ 10.02.2026 ലെ 6834895-2025 നമ്പർ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 19.06.2026 ലെ LSGD/PD/18528/2026-GEB2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭ ചെയർപേഴ്സന് ആരോഗ്യപരമായ ബുദ്ധിമുട്ടുകൾകാരണം നിലവിലുള്ള നഗരസഭയുടെ ഔദ്യോഗിക വാഹനത്തിന് (Hyundai Creta) പകരം, ചെയർപേഴ്സന്റെ സ്വന്തം വാഹനമായ **Innova Hycross** ഔദ്യോഗിക ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിച്ചുവരുന്നതായും, പ്രസ്തുത വാഹനത്തിന്റെ ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും ചെയർപേഴ്സൺ തന്നെ വഹിച്ചുകൊള്ളാമെന്ന നിബന്ധനയോടു കൂടി സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കുന്നതിനായി പരാമർശം (1) പ്രകാരം തിരൂർ നഗരസഭ കൗൺസിൽ തീരുമാനം കൈക്കൊള്ളുകയും, സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരൂർ നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. *1989* ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 92 A (viii) വ്യവസ്ഥയും , 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 38 & 1999 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 6 പ്രകാരവും നഗരസഭാ ചെയർപേഴ്സൺ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തലവൻ (Head of Institution) ആയതിനാൽ, വാഹനത്തിന്റെ ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയ യാതൊരു സാമ്പത്തിക ബാദ്ധ്യതയും നഗരസഭയ്ക്കോ സർക്കാരിനോ വരാത്തവിധം പൂർണ്ണമായും സ്വന്തം ചെലവിൽ മാത്രം വാഹനം ഉപയോഗിക്കണമെന്നുള്ള നിബന്ധന സഹിതമുള്ള ഭരണസമിതി തീരുമാനത്തിന്റെ

അടിസ്ഥാനത്തിലും, തിരൂർ നഗരസഭയുടെ ഭരണസമിതി തീരുമാനത്തിലെ വ്യവസ്ഥകൾ തുടർന്നും പാലിച്ചിരിയ്ക്കണമെന്ന വ്യവസ്ഥയിലും തിരൂർ നഗരസഭാ ചെയർപേഴ്സന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തം വാഹനത്തിൽ (Innova Hycross) ഔദ്യോഗിക സ്ഥാനപ്പേര് വച്ച് ഉപയോഗിച്ച നടപടി സാധൂകരിച്ചുകൊണ്ടും തുടർന്ന് സ്ഥാനപ്പേര് വയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2) സെക്രട്ടറി, തിരൂർ മുൻസിപ്പാലിറ്റി,മലപ്പുറം ജില്ല
3) ചെയർപേഴ്സൺ. തിരൂർ നഗരസഭ.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
5) ഗതാഗത വകുപ്പ് (18/7/2026ലെ B2/212/2026-TRANS പ്രകാരം)
6) ധനകാര്യ വകുപ്പ്
7) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
8) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
9) കരുതൽ ഫയൽ (ഡി.ബി2/436/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 04-08-2026
17:25:19

സെക്ഷൻ ഓഫീസർ